# അമൃതാനന്ദമയി മഠത്തിന്റെ ശബരിമല ശുചീകരണത്തിന് തുടക്കമായി

കൊല്ലം: ശബരിമല ഉത്സവത്തിന് മുന്നോടിയായി മാതാ അമൃതാനന്ദമയിമഠത്തിന്റെ നേതൃത്വത്തിലുള്ള അമലഭാരതം ശുചീകരണ പദ്ധതിയുടെയും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ശബരിമലയിൽ നടത്തുന്ന ശുചീകരണ യജ്ഞത്തിന്റെ ഉദ്ഘാടനം പമ്പയിൽ മന്ത്രി അടൂർ പ്രകാശ് നിർവഹിച്ചു.

മാതൃകാപരമായ പ്രവർത്തനമാണ് മഠം ചെയ്യുന്നതെന്നും സർക്കാരും ഭക്തജനങ്ങളും ഒരുമിച്ചു പ്രവർത്തിച്ചാലേ ശബരിമലയെ വൃത്തിയായി സൂക്ഷിക്കാൻ കഴിയൂ എന്നും മന്ത്രി പറഞ്ഞു.

ദേവസ്വം ബോർഡ് മെമ്പർ സുഭാഷ് വാസു അദ്ധ്യക്ഷത വഹിച്ചു. സ്വാമി ജ്ഞാനാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി.

മഠം ശബരിമലയിലിതുവരെ ചെയ്ത ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ഡോ. അമിതാഭൻ അവതരിപ്പിച്ചു. ചടങ്ങിൽ ജില്ലാ കളക്ടർ വി. എൻ. ജിതേന്ദ്രൻ സ്വാഗതവും ഡെപ്യൂട്ടി കളക്ടർ ബാലകൃഷ്ണപിള്ള നന്ദിയും പറഞ്ഞു.

അടുത്ത രണ്ടു ദിവസങ്ങളിൽ സന്നിധാനവും പമ്പാനദിയും അമലഭാരതം സന്നദ്ധസേവകർ ശുചീകരിക്കും. 2700 സന്നദ്ധസേവകർ പമ്പയിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിൽ 1500 പേർ സന്നിധാനത്തും 1200 പേർ പമ്പയിലും ശുചീകരണം നടത്തും. അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിൽ ശബരിമലയിൽ നടക്കുന്ന ശുചീകരണത്തിന്റെ നാലാം ഘട്ടമാണിത്. മുൻകാലങ്ങളിൽ ശബരിമലയിൽ അമൃതാനന്ദമയി മഠം അമലഭാരതം പ്രവർത്തകർ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ ഹൈക്കോടതിയുടെ പ്രത്യേക പ്രശംസയ്ക്ക് പാത്രമായിരുന്നു.